(എ) സംസ്ഥാനങ്ങളുടെ ഓവർ ഡ്രാഫ്റ്റ് നിർത്തലാക്കാനുള്ള കേന്ദ്ര ഗവൺമെൻറ് തീരുമാനം എന്നുമുതൽ നടപ്പാക്കുമെന്നാണ് സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്?

(ബി) ഓവർ ഡ്രാഫ്റ്റ് നിർത്തലാക്കുമ്പോൾ സംസ്ഥാനത്തിന് എത്ര തുകയാണ് മദ്ധ്യകാല വായ്പയാക്കി മാറുന്നതെന്നും, അതു തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥകൾ എന്താണെന്നും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഓവർ ഡ്രാഫ്റ്റ് സൗകര്യം 2-10-1985 മുതൽ നിറുത്തലാക്കുമെന്നാണ് കേന്ദ്ര ഗവൺമെൻറ് നമ്മെ അറിയിച്ചിട്ടുള്ളത്.

(ബി) 241.86 കോടി രൂപയാണ് മദ്ധ്യകാല വായ്പയായി ലഭിക്കുക. ഈ തുക 1986-87 മുതലുള്ള 4 വർഷങ്ങളിലായി പലിശസഹിതം തിരിച്ചടയ്ക്കണമെന്നാണ് വ്യവസ്ഥ.

ചെമ്മീൻ വളർത്തൽ പദ്ധതി

* 198 [245] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ലോകബാങ്കിൻെറ സഹായത്തോടെ സംസ്ഥാനത്ത് ഒരു വൻകിട ചെമ്മീൻ വളർത്തൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എത്ര കോടി രൂപയുടെ ചെലവ് വരും;

(സി) ഈ പദ്ധതി നടപ്പിലാക്കാനായി 7-85 വരെ സംസ്ഥാനം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനെതിരായി ഏതെല്ലാം പ്രദേശത്താണ് എതിർപ്പുള്ളത്;

(ഇ) അതിൻെറ കാരണങ്ങളെപ്പറ്റി അന്വേഷിച്ച് തക്കതായ പരിഹാര നടപടികൾ സ്വീകരിച്ചുവോ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്താണ്;

(ജി) ഈ പദ്ധതി എന്നുമുതൽ നടപ്പിലാക്കും;

(എച്ച്) നടപ്പിലാക്കുമ്പോൾ എത്രകോടി രൂപയുടെ മൽസ്യം ഒരുവർഷം ഉണ്ടാക്കുമെന്നാണ് കണക്ക്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. മറ്റ് ജില്ലകളിലെ ചെമ്മീൻ കൃഷിക്ക് അനുയോജ്യമായ ഉപ്പുകലർന്ന ജലാശയങ്ങളും ഈ പദ്ധതിയിൻ

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു സർവ്വേ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 134.724 കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ലോകബാങ്കിന് സമർപ്പിക്കുന്നതിന് പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. 1985 ജനുവരിയിൽ ഇൻഡ്യാ ഗവൺമെൻറിനു നൽകി. 1985 മെയ് മാസത്തിൽ ലോകബാങ്ക് ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തുകയും ചെയ്തു. പദ്ധതിക്കു നുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താനുള്ള പ്രാഥമിക സർവ്വേ എറണാകുളം, കോട്ടയം ആലപ്പുഴ, തൃശൂർ, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ പൂർത്തിയാക്കി.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും എതിർപ്പുകളുള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ലോക ബാങ്കിൻെറ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(എച്ച്) പദ്ധതി പൂർത്തിയാകുമ്പോൾ പ്രതിവർഷം ഉദ്ദേശം 82 കോടി രൂപയുടെ മത്സ്യോൽപ്പാദനം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

തടിയറപ്പുമില്ലുകൾ അനുവദിക്കുന്നതിൻെറ മാനദണ്ഡം

* 199 [246] ശ്രീ. എം.വി. രാഘവൻ:
,, കെ. മൂസ്സക്കുട്ടി:
,, കോടിയേരി ബാലകൃഷ്ണൻ:
,, സി.പി. മുസ്സാൻകുട്ടി:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടിയറപ്പുമില്ലുകൾ അനുവദിക്കുന്നതിന് ഗവൺമെൻറ് എന്തെങ്കിലും പ്രത്യേക മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) വനത്തിനു സമീപം തടി അറപ്പുമില്ലുകൾ അനുവദിച്ചു കൊടുത്തിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്നു വ്യക്തമാക്കുമോ;

(ഡി) വനത്തിന് വളരെ അടുത്തു പ്രവർത്തിക്കുന്ന മില്ലുകൾ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടിയെടുത്തു;

(ഇ) വയനാട് തുടങ്ങിയ പ്രദേശങ്ങളിൽ വനം കൊള്ള നടത്തുവാൻ സഹായകരമായ രീതിയിൽ പ്രവർത്തിക്കുന്ന മില്ലുകൾ മാറ്റി സ്ഥാപിക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly